## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3057 10.12.2018 ൽ മറുപടിക്ക്

### ടാറിന്റെ വില വർദ്ധനവ്

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ടാറിന്റെ വില വർദ്ധനവ് മൂലം സംസ്ഥാനത്തെ കരാർ പണികൾ ആകമാനം സ്തംഭനത്തിലാകുന്ന അവസ്ഥയ്ക്ക് പരിഹാരം കാണുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) ടാറിന്റെ വില വർദ്ധനവുമൂലം കരാർ പണികൾ ആകമാനം സ്തംഭനത്തിലാകുന്ന അവസ്ഥ ഉണ്ടായിട്ടില്ല. ബിറ്റുമിന്റെ ഉയർന്ന തോതിലുള്ള വില വർദ്ധനവ് ദേശീയപാതാ വിഭാഗത്തിലെ അറ്റകുറ്റപ്പണികൾ അടക്കമുള്ള ടാറിംഗ് പ്രവൃത്തികളുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. |
| (ബി) ഇത് സംബന്ധിച്ച് 13.11.2018 ൽ സർക്കാർ ഉത്തരവ് ഇറക്കിയെങ്കിലും ഈ ഉത്തരവിന്റെ ഫലം ഭൂരിഭാഗം കരാറു കാർക്കും ലഭിക്കാത്ത അവസ്ഥയാണ് നിലനിൽക്കുന്നത് എന്ന കാര്യം പരിശോധിക്കുമോ; ഈ സാമ്പത്തിക വർഷം വില 30 ശതമാനം വർദ്ധിച്ചുവെന്ന് സർക്കാർ പറയുമ്പോഴും കരാറുകാർക്ക് 1.11.2018 മുതൽ വാങ്ങിയ ബില്ലുകൾക്കേ ഫലത്തിൽ പ്രയോജനം ലഭിക്കുകയുള്ളൂ എന്നതിന് പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ; | (ബി) 13/11/2018-ലെ G.O(Rt)No.9386/2018/Fin പ്രകാരം ടെണ്ടർ അവസാനിക്കുന്ന തീയതിയിലെ Bitumin വിലയും 01/11/2018-ന ശേഷം വാങ്ങിയ Bitumin-ന്റെ Invoice-ലെ വിലയും തമ്മിലുള്ള വ്യത്യാസം കരാറുകാർക്ക് ലഭ്യമാകും എന്നുള്ളതിനാൽ കരാറുകാർക്ക് പ്രയോജനം ലഭിക്കാത്ത സാഹചര്യം ഇപ്പോൾ നിലവിലില്ല. |
| (സി) ധനകാര്യ വകുപ്പിന്റെ ഉത്തരവ് ഉണ്ടായിട്ടും പൊതുമരാമത്ത് വകുപ്പ് ഇതുവരെ ജി.എസ്.ടി, എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ നടപടിയാകാത്തത് പരിശോധിച്ച് പരിഹാരം കാണുമോ എന്ന് വ്യക്തമാക്കാമോ? | (സി) പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റും CPWD & MORTH Specification ഉപയോഗിച്ചാണ്. നിലവിൽ CPWD ജി.എസ്.റ്റി നിയമം കണക്കിലെടുത്തു കൊണ്ടുള്ള അടിസ്ഥാന വിലകൾ പ്രസിദ്ധീകരിച്ചിട്ടില്ല. ആയതിനാൽ |

എസ്റ്റിമേറ്റിൽ നിലവിലുള്ള DSR റേറ്റിന പുറമേ ജി.എസ്.റ്റി നിരക്കുകൂടി ഉൾപ്പെടുത്തുന്നതിനുള്ള തീരുമാനം ആയിട്ടില്ല. ഇതിനുള്ള നിർദ്ദേശങ്ങൾ പൊതുമരാമത്ത് വകുപ്പിൽ നിന്നും ധനകാര്യ വകുപ്പിൽ സമർപ്പിക്കുകയും അതിൻമേൽ നിരവധി ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 06/08/2018-ൽ ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പുതുക്കിയ DSR വരുന്നതു വരെ ജി.എസ്.റ്റി മൂലം കോൺട്രാക്ടർക്ക് ഉണ്ടാകുന്ന അധിക ബാധ്യത സംബന്ധിച്ച കാര്യം പരിശോധിച്ച നടപടി സ്വീകരിക്കുമെന്ന് തീരുമാനിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**